
LittleKites
e-Magazine 2019-20
RAINBOW
St. Mary's HSS Koodathai
little KITEs

# പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ



# OUR PATRON



# OUR FOUNDER



# ആശംസകൾ........



## ഫാ.ജോസഫ് ഇടപ്പാടിയിൽ

## മാനേജർ

**ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ആഭിമുഖ്യത്തിൽ ഒരു ഇ-മാഗസ്സിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഇതിലെ സൃഷ്ടികൾ തയ്യാറാക്കിയ എല്ലാവരെയും, നേതൃത്വം നൽകിയ അദ്ധ്യാപകരെയും, അഭിനന്ദിക്കുന്നു. നിങ്ങൾ ഒരോരുത്തരും ലിറ്റിൽ കൈറ്റ്സ് ആയിത്തീരട്ടെ.**

# ആശംസകൾ.......



**ഫാ. സിബി പൊൻപാറ**

**HSS പ്രിൻസിപ്പാൾ**

സെന്റ് മേരീസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ "RAINBOW" ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

# ആശംസകൾ.......



## ഇ.ഡി.ഷൈലജ ടീച്ചർ

## ഹെഡ്മിസ്ട്രസ്

പ്രിയ കുട്ടികളെ, ലിറ്റിൽ കൈറ്റ്സ് അഭിമുഖ്യത്തിൽ ഒരു മാഗസ്സിൻ ഒരുങ്ങി ഇറങ്ങുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇതിലെ സൃഷ്ടികൾ തയ്യാറാക്കിയ എല്ലാവരെയും, നേതൃത്വം നൽകിയ അദ്ധ്യാപകരെയും, സ്നേഹപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു. എഴുത്തുകാരുടെ ഭാവനയെ അതിനനുയോജ്യമായ വിധത്തിൽ രൂപകൽപ്പന ചെയ്തെടുത്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കോരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

# ആശംസകൾ.......



**കെ. പി. സദാശിവൻ**

**പി. ടി. എ. പ്രസിഡന്റ്**

**ലിറ്റിൽ കൈറ്റ്സ് അഭിമുഖ്യത്തിൽ ഒരു മാഗസ്സിൻ ഒരുങ്ങി ഇറങ്ങുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇതിലെ സൃഷ്ടികൾ തയ്യാറാക്കിയ എല്ലാവരെയും, നേതൃത്വം നൽകിയ അദ്ധ്യാപകരെയും, സ്നേഹപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കോരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.**

# ആശംസകൾ...



**Fr. Bibin Jose**
**Kite Master**



**Reenamol M C**
**Kite Mistress**

## ഉള്ളടക്കം


ശിലപോലെ ഈ....................13
ജീവധാര....................13
റെഡ് ക്രോസ് +....................15
ചരിത്രത്തിലൂടെ....................15
Little Kites....................18
കളിക്കുന്ന കുട്ടികളെ ഭാരതം കാത്തിരിക്കുന്നു....................20
സ്വാതന്ത്ര്യം....................23
DON’T QUIT.... IT’S POSSIBLE....................25
അതിർത്തിയിലെ കാറ്റ്....................29
ചെമ്പൻ കുഞ്ഞ്....................31
ദുര....................33
Computer shortcut keys everyone should know: Word, Excel, Outlook, Windows shortcuts....................36
- List of basic computer shortcut keys:....................36
- Microsoft Windows shortcut keys list....................37
- Word shortcut keys....................38

തമ്പലീന എന്ന വിരൽ കുട്ടി....................50
എസ്. പി. സി യും നെൽകൃഷിയും....................53
പ്രസംഗം....................55
*മിഴിനീർ ബാല്യം*....................57
എന്റെ പുതുമഴ....................59
പ്രകൃതി സൗന്ദര്യം....................61
യാത്ര....................63
സ്നേഹാർദ്രം....................65
സോഫിയ....................68
മനസ്സിൽ മായാതെ പാത്തുമ്മ....................70
വീട്ടുവളപ്പിലെ ഔഷധസസ്യങ്ങൾ....................72
സിംപിൾ പ്രൊജക്റ്റർ....................75
ലിറ്റിൽ കൈറ്റ്സ് ടീം....................78

# പ്ലാറ്റിനം ജൂബിലിയുടെ

# ഉദ്ഘാടനവേളയിലൂടെ..................






സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ കൂടത്തായി
പ്ലാറ്റിനം ജൂബിലി
ഉദ്ഘാടനം
സ്കൂൾ അങ്കണത്തിൽ
ഉദ്ഘാടനം:
റവ. ഫാദർ തോമസ് തെക്കേൽ CMI
അദ്ധ്യക്ഷ:
കെ.ടി. സക്കീന
30
പ്ലാറ്റിനം ജൂബിലി പ്രഥമ പ്രോഗ്രാം
ഫാദർ അന്തോനിനൂസ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫി
ഫുട്ബോൾ ടൂർണ്ണമെന്റ്
2020 ജനുവരി
30 31
ഉദ്ഘാടനം: ശ്രീ അനുരാഗ് PC
സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ





Danty George (Teacher)

# ശിലപോലെ ഈ

# ജീവധാര

ആർദ്രമാം ഹൃദയത്തിലൊരു നോവുമാത്രം
തപം ചെയ്തിട്ടും കാലചക്രം
തിരിഞ്ഞും മറിഞ്ഞും ഗതിമാറിയാവഞ്ചി-
യുലഞ്ഞും ,മറിഞ്ഞും നടകൊൾവൂ...

തമസ്സിൻെറ പിടിയിൽ പിടഞ്ഞൂ-
ദ്രവിച്ച ശിലകൾ തുരുമ്പിച്ചു വീണു.
ബുദ്ധന്റെ കാലം കഴിഞ്ഞൂ...
പരാക്രമ രുദ്രന്റെകലികാലമണഞ്ഞൂ......

കാലം പഠിപ്പിച്ചു ജീവിതം രണ്ടു ചുവടിങ്ങു-
തിരിച്ചു നടകൊൾവാൻ....
അണിയറയിലുണരും മനുഷ്യർക്കു-

RAINBOW

ആട്ടമില്ലരങ്ങത്തു തുങ്ങി നടകൊൾവാൻ
ശിരസ്സു നിറച്ചും ചിരങ്ങാണ്
ചൊറിയുവാൻ നേരമില്ലാതെ പലർക്കും
ഇരുട്ടിന്റെ മറവിലെ വക്രവാണിജ്യ-
കുടുക്കുകൾ പൊട്ടിച്ചു രസിക്കാൻ

പണമിന്നുയിർത്തെഴുന്നേറ്റു
പതിതന്റെ പാഴ്വാക്കു പറവാനുമായി
പരുത്തും പറക്കാതെ പലവഴിവിട്ടു-
പതുക്കെ പറയണം നമ്മൾ

കൂരിരുട്ടിന്റെ മറവില്ല പച്ചയ്ക്കു-
വേണ്ട, പഴുത്ത പഴങ്ങൾ
കുടമാറുവാൻ മറന്നു-കത്തിച്ച
ശവപ്പറമ്പായി പൊരിഞ്ഞൂ

പറക്കുന്ന കഴുകന്റെ നഖത്തിനും
പണിയായി പിറക്കുവാനില്ലിവിടെ മൂങ്ങ-
കിടക്കയും കൊണ്ടോടിത്തളർന്നവർ-
ക്കിത്തിരിയിടം ബാക്കിയില്ലാതെയായി.

പ്രളയം പരാതി പറയാതെ വന്നു
പരതുവാനില്ലിവിടെ ഒന്നും
നിലയ്ക്കാത്ത ശാന്തപ്രവാഹമല്ലിന്നിവിടെ
കലിതുള്ളി നിൽക്കുന്നു കാലം.

വായിൽ പുഴുത്ത ചിലവാക്കുകൾ
നമ്മുടെ ഭാഷയെ നാണം കെടുത്തി-
ചങ്കു പറിച്ച സുഖമൊന്നു കാണാതെ
ചങ്കിന്റെ പുറകെയണഞ്ഞൂ

കൊണ്ടും കൊടുത്തും നിലകൊണ്ടജീവിതം
തുണ്ടായി മാറിക്കഴിഞ്ഞൂ
പിടിച്ചും പറിച്ചും നടന്നവർ ധനവാൻ
സുഖം മാത്രം തേടി അലഞ്ഞൂ...

കണ്ണിന്റെ കാഴ്ച്ചകൾ മങ്ങുന്നു
കേൾവിയും ഇല്ലാതെയായി
മരണം വിതയ്ക്കുന്ന സംസ്കാര-
സമ്പന്ന സ്മരണയായ് ജീവിതം ഇവിടെ-

പൂക്കവാനില്ലിവിടെ ഉപവനം
പുരമുകളിലൊരുനേരം പുകയാനടുപ്പും
ചക്രവാളങ്ങൾക്കപ്പുറം പായുവാൻ
വിറ്റൂ.......സപത്തിയെക്കൂടെ....

മണ്ണിനെമാന്തിപ്പറിച്ചവർ
ചുട്ടുപൊള്ളുന്ന ഫ്ലാറ്റിലാണിപ്പോൾ
തുലയുന്ന ജീവിതക്കായലിൽ ചാടിയീ-
ശിലപോലെ ഈ ജീവധാര.

*റെഡ് ക്രോസ്* +


# ചരിത്രത്തിലൂടെ

**Ayisha Niha**
**9-A**

കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ലോകത്തിലെ ഏറ്റവും വലിയ സംഘടനയാണ് റെഡ് ക്രോസ്. ഇന്ന് ഈ ലോകത്ത് 150-ൽ അധികം രാജ്യങ്ങളിൽ റെഡ് ക്രോസിന് ശാഖകളും 90 ദശലക്ഷത്തിലധികം വളണ്ടിയർമാരും ഉണ്ട്. 1863 ലാണ് റെഡ് ക്രോസ് എന്ന സംഘടനയെ സ്വിറ്റ്സർ ലാന്റ് കാരനായ " ജീൻ ഹെൻറി ഡ്യൂനന്റെ " കരങ്ങളാൽ സ്ഥാപിതമായത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യകാലത്തിൽ യുദ്ധത്തിൽ പരിക്കേറ്റവരെ സഹായിക്കാൻ ആശുപത്രികളോ മറ്റ് ശുശ്രൂഷകൾക്ക് ആർമി നഴ്സിങ് സംവിധാനങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. ഫ്രഞ്ച് സേനയും ഇറ്റലിയും തമ്മിൽ യുദ്ധം നടക്കുന്ന കാലം, ഫ്രഞ്ച് സേനയുടെ തലവനായ നെപ്പോളിയൻ മൂന്നാമനെ ഒരു വ്യാപാര സംബന്ധമായ കാര്യത്തിന് കാണാൻ വന്നതായിരുന്നു ഹെൻട്രി ഡ്യൂനന്റ്. അന്ന് യുദ്ധത്തിൽ പരിക്കേറ്റ് കിടന്നവരെ കണ്ട് അവരെ സഹായിക്കുന്നതിനായി ഹെൻട്രി ഡ്യൂനന്റ് മുന്നിട്ടിറങ്ങി. പക്ഷെ, യോദ്ധാക്കളുടെ കാര്യം വളരെ വിഷമകരമായിരുന്നു., ആവശ്യത്തിന് ഭക്ഷണവും വെള്ളവും ഇല്ല. കുടിവെള്ളം ചോരകലർന്ന് മലിനമാക്കപ്പെട്ടതായിരുന്നു. ഹെൻട്രി ഡ്യൂനന്റിന്റെ തീവ്രപ്രർത്തനം മൂലം പലരെയും രക്ഷപ്പെടുത്തി. ദൂരെയുള്ള ആശുപത്രികളിലേക്കും മറ്റും കൊണ്ട് പോയി അവരെ ചികിത്സിപ്പിച്ചു. അതാണ് റെഡ് ക്രോസ് എന്ന സംഘടനയ്ക്ക് അടിത്തറപാകാൻ ഹെൻട്രി ഡ്യൂനന്റിനെ പ്രേരിപ്പിച്ചത്.ഇന്ന് ഞാനും ഒരു റെഡ് ക്രോസ് അംഗമാണ്.

"എഴുന്നേൽപ്പിൻ നിങ്ങളിന്ന്
സഹജരേ, കൂട്ടുകാരേ
എഴുന്നേൽപ്പിൻ J.R.C തൻ
പതാകയേന്തു,
ഹെൻറി ഡ്യൂനൻ്റ് എന്ന
മഹാനന്ന് മനദാരിൽ കണ്ട ലോകം
ക്ലാരാബർട്ടൺ പ്രവർത്തനം
കുറിച്ച സംഘം
പാവങ്ങൾ തൻ കണ്ണീരൊപ്പി
ആശ്രിതർക്കാശ്വാസമേകാൻ
ലോകമെങ്ങും പുകൾപ്പെട്ട സംഘം
ശാന്തിമന്ത്രമുരുവിട്ട്,സഹചരോടൊപ്പം ചേർന്ന്
സേവനത്തിൻ ഗാഥ പാടി
മുന്നേറു നിങ്ങൾ....



Edward Anish
8D

# LittleKites

| | | |
|---|---|---|
| ചുരുക്കെഴുത്ത് | : | It@School |
| ആരംഭിച്ചത് | : | 2017 |
| ഇനം | : | സർക്കാർ ഏജൻസി |
| തലസ്ഥാന | : | തിരുവനന്തപുരം<br>കേരളം<br>ഇന്ത്യ |
| Chairman and<br>Managing director | : | ഡോ. ഉഷ ടൈറ്റസ്<br>ഐ.എ.എസ് |

| | |
|---|---|
| ചീഫ് എക്സിക്യൂട്ടീവ് | : കെ. അൻവർ സാദത്ത് |
| രക്ഷാകർതൃ ഓർഗനൈസേഷൻ | : ജനറൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് (കേരളം) |
| അഫിലിയേഷനുകൾ | : VICTERS |
| വെബ്സൈറ്റ് | : kite.kerala.gov.in |



**Sibi Manual**
**Teacher**

# കളിക്കുന്ന കുട്ടികളെ ഭാരതം കാത്തിരിക്കുന്നു

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകൂ. ഇന്ന് നമ്മുടെ ചുറ്റും നടക്കുന്ന സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് മനസ്സിലക്കാൻ അവയുടെ അടിസ്ഥാന കാരണം ചില വ്യക്തികളിൽ കേന്ദ്രികൃതമായിരുന്നതായി കാണാം ആരോഗ്യമുള്ള മനസ്സ് ഇല്ലാത്തതാണ് ഇവിടെയുള്ള പ്രധാന പ്രശ്നംആരോഗ്യം എന്നാൽ ശാരീരികമായ സുസ്ഥിതി മാത്രമല്ല സാമൂഹികവും മാനസികവുമായ സുസ്ഥിതിക്കുടിയാണ് ഇങ്ങനെ ആരോഗ്യമുള്ള ഒരു വ്യക്തിയെ വാർത്തെടുക്കുന്നതിൽ കായിക വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ടതാണ്.

ജയിക്കാൻ പഠിക്കുന്നതിലും ബുദ്ധിമുട്ടാണ് തോൽവിയെ നേരിടാൻ പഠിക്കുകയെന്നത് .ജീവിതത്തിൽ ഒരു തോൽവി സംഭവിച്ചാൽ വ്യക്തിയെ അത്

വളരെ മോശമായ രീതിയിൽ ബാധിക്കും .ഇങ്ങനെയുള്ള പ്രതിസന്ധികൾ തരണം ചെയ്യാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കാൻ കായിക വിദ്യാഭ്യാസത്തിന് സാധിക്കും സാധരണയായി മക്കളെ സ്പോർട്സ്സ് വിടാൻ മാതാപിതാക്കളും മടികാണിക്കുന്നു പഠനത്തിൽ പിന്നോക്കമാക്കുമെന്ന ഒരു മിധ്യാധാരണ മൂലമാണിത് .നന്നായി കളിക്കുന്ന കുട്ടി,നന്നായി പഠിക്കുകയും ചെയ്യുന്നു കളികളിലൂടെ അവൻെറ രക്തചംക്രമണം കൂടുകയും തലച്ചോറിനാവിശ്യമായ ഓക്സിജൻ ലഭിക്കുകയും ചെയ്യുന്നത് കുട്ടിയുടെ ബൗദ്ധികവും മാനസികവുമായ വികാസത്തിനും ഉപകരിക്കുന്നു.

ഇന്ന് കുട്ടികൾക്ക് വളരെ ഇഷ്ടമുള്ളതാണ് FAST FOOD,നാരുകൾ ഇല്ലാത്തതും എണ്ണയും ഉപ്പും പഞ്ചസാരയും ധാരാളമടങ്ങിയവയുമെണിത്. ഇവ നമ്മുടെ രക്ത കുഴലിൽ അടിഞ്ഞ്ചേർന്ന് രക്തസമർദ്ദം വർദ്ദിക്കുന്നതിന് ഇടയാക്കുന്നു നമ്മുടെ ജീവിത ശൈലി പോലും ഇന്ന് മാറികെണ്ടിരിക്കുന്നു പണ്ട് കുട്ടികൾ നടന്നായിരുന്നു SCHOOL ൽ പോയിരുന്നത് .പക്ഷെ ഇപ്പോൾ അടുത്തുള്ള മൈക്കാവിൽ നിന്നും ,കൂടത്തായിൽ നിന്നും SCHOOL BUS ൽ ആണ് കുട്ടികൾ എത്തുന്നത് .സാമൂഹിക സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് കുട്ടികളെ സുരക്ഷിതമായി സ്ക്കൂളിലെത്തിക്കാൻ മാതാപിതാക്കൾ വാഹനങ്ങളെ ആശ്രയിക്കാൻ നിർബദ്ധിതരാക്കുന്നു.

വിട്ടിലെത്തുന്ന കുട്ടി കാർട്ടൂണുകളുടെയും COMPUTER GAME കളെയും മുൻപിൽ സമയം ചെലവഴിക്കുന്നു.ബുദ്ധിവികാസത്തെ പരിമിതപ്പെടുത്തുകയും കുട്ടികളിൽ അക്രമവാസന ജനിപ്പിക്കാൻ ഉതകുകയും ചെയ്യുന്നവയാണിവ,ഇങ്ങനെ കുട്ടികളുടെ ആരോഗ്യത്തെ ഇന്നത്തെ ജീവിത ശൈലി വളരെ ബാധിക്കുന്നു തൻമൂലം ജീവിത ശൈലി രോഗങ്ങൾക്ക് അടിമപ്പെടുന്നു.ഇവയിൽ നിന്നെല്ലാം മുക്തിനേടാൻ കായികം വിദ്യാഭ്യാസം സഹായിക്കുന്നു.

ഇതുമാത്രമല്ല കളിക്കുന്ന കുട്ടികൾക്കായ് ഭാരതം കാത്തിരിക്കുന്നു അതെ നന്നായി കളിക്കുന്ന കുട്ടികൾക്ക് വളരെയധികം അവസരങ്ങൾ തൊഴില് മേഖലയിലും പഠന മേഖലയിലും സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്.നമ്മുടെ SCHOOL ൽ പഠിച്ച് ജോലിനേടിയവർ ഇതിന് ഉദാഹരണം. സ്വഭാവരൂപികരണത്തിലും കായിക വിദ്യാഭ്യാസം പങ്കുവഹിക്കുന്നുണ്ട്. ജീവിതത്തിലെ പ്രധാന ലക്ഷ്യത്തിന് ഊന്നൽ കൊടുക്കുവാനും അപ്രധാനമായവയെ തള്ളി കളയുവാനും സമർദ്ധങ്ങളെ അതീജീവിക്കവാനും അടിയന്തരഘട്ടങ്ങളിൽ അനുയോജ്യമായ തീരുമാനമെടുക്കുവാനും അനവശ്യ ചിന്തകളെ ഒഴവാക്കുവാനും സർഗാത്മക ചിന്തകൾ വളർത്തിയെടുക്ക വാനും കഴിയുന്നു.

നമ്മുടെ SCHOOL ൻെറ യശസ്സുയർത്തേണ്ടത് സെൻറ് മേരീസിലെ വിദ്യാർത്ഥികൾ തന്നെയാണ് തങ്ങളാൽ കഴിയും വിധം ഈ ഉദ്യമനത്തിന് എല്ലാവർക്കും കഴിയട്ടെ

**കുട്ടികൾ കളിക്കട്ടെ**

**കളിച്ചു വളരട്ടെ പഠിക്കട്ടെ**



അഫ ഫാത്തിമ

8 D

# സ്വാതന്ത്ര്യം

ചിറകിട്ടടിക്കുന്ന കിളിയോ,..

നീ കൂട്ടിനുള്ളിൽ കിടന്ന്, ശ്വാസം മുട്ടുന്നുവോ?

വാനിലുയരുവാൻ  കൊതിക്കുന്നു

നിൻ ഹൃദയം

എന്ത് ചെയുവാൻ പക്ഷേ,

നിന്നെ തടങ്കലിലാക്കിയ ഏമാൻ

നിൻ ഹൃദയം നോവുന്നത് കാണുന്നുവോ?

ഏമാനന്നെന്നല്ല മറ്റാരെങ്കിലും

അത് കാണുന്നുവോ നിൻ ആത്മാവല്ലതെ?

RAINBOW

മറ്റുള്ള കിളികൾ
ചിലച്ചിടുന്ന നീ സ്വർഗ്ഗത്തിലാണെന്ന് പോലും
വയർ നിറച്ച് ഉണ്ണുവാനുണ്ണി നിനക്കല്ലോ
പോൽ സൗഭാഗ്യം

ആശിക്കാൻ മാത്രമല്ലോ നീ പഠിച്ചിട്ടുള്ളൂ
അത് അന്നും ഇന്നും
നാളെയുള്ളത് നല്ലതാവാൻ
വീണ്ടും നമുക്കാശിക്കാം.



# *Earth's Scent*

The scent of the earth
Is not easy to unearth
Bearing lot of pain
Earth help us to gain
But we, who only know
To yield,
Can't understand the pain of
the earth
Human deceive the earth, who,
Thinking every minute
That we will become
Kind hearted like our
Ancestor's
Like them who knew the earth
Like them who knew the
Scent of the earth
Which is not easy to unearth

**Afa Fathima**


# DON'T QUIT…. IT'S POSSIBLE




LET ME TELL YOU SOMETHING YOU KNOW,
THE WORLD IS NOT OF ALL SUN SHINES AND
INBOWS
IT'S A VERY MEAN AND A NASTY PLACE
AND I DON'T CARE HOW TOUGH YOU ARE
IT WILL BEAT YOUR KNEES AND KEEP YOU
PERMANENTLY LEAVE YOU LET IT !
YOU ME OR NOBODY, IS GONNA HIT AS HARD HIS LIFE
BUT IT AIN'T ABOUT HOW HARD YOU HIT
ITS ABOUT HOW HARD YOU CAN GET HIT AND KEEP MOVING FOR
HOW MUCH YOU CAN TAKE AND KEEP MOVING FORWARD
THAT'S HOW IT IS DONE !
PAIN IS TEMPORARY, IT MAY LAST FOR A MINUTE
OR AN HOUR, A DAY OR EVEN A YEAR
BUT EVENTUALLY IT WILL SUBSIDE,
AND SOMETHING ELSE WILL TAKE ITS PLACE
IF I QUIT HOWEVER, IT WILL LAST FOREVER!
I DARE YOU TO TAKE A PAIN, I DARE YOU..............
I DARE YOU NOT TO GO HOME
SOMEBODY SAID, I'VE GOT TO GO HOME, I FEEL BAD
GO…. GO….. THROUGH IT
YOU AIN'T GONNA DIE? AT THE END OF PAIN IS SUCCESS !
YOU'RE NOT GONNA DIE BECAUSE YOU FEELING A LITTLE PAIN
GO……. THROUGH IT YOU WILL END UP IN SUCCESS
THAT'S WHAT YOU STUDY FROM FOOTBALL
SMALL PAINS , DON'T EVEN BOTHER ABOUT THAT GO AHEAD IT
LIFE WILL BE SUCCESS

## SO DON'T QUIT… IT'S POSSIBLE

ALFRED JUDE PAUL
**Former student**


വര.
അമർനാഥ് V.J
8C
RollNo:29



**Alvin Viju**
**8D**

# ആശ്ലേഷം

ഭൂമിക്കടിയിൽ

വേരുകൾകൊണ്ട്

കെട്ടിപ്പിടിക്കുന്നു,

ഇലകൾ തമ്മിൽ

തൊടുമെന്നു പേടിച്ച്

നാം

അകറ്റി നട്ട

മരങ്ങൾ.

-വീരാൻകുട്ടി



**മിനി കുര്യൻ**

**അധ്യാപിക**

# അതിർത്തിയിലെ കാറ്റ്

'ലോകമേ തറവാട് ലോകമേ തറവാട് '
നിൻ സൂക്തം കേട്ടു ഞാൻ വളർന്നു
വളർന്നു വരുന്തോറും അറിഞ്ഞേ ഞാനതിൻ പൊരുൾ
ചരിത്രങ്ങൾ ഓരോന്നും ഞാൻ ചികഞ്ഞു
ചികഞ്ഞപ്പോൾ ഞാൻ തിരിച്ചറിഞ്ഞു
'എന്റെ  നാടിൻ മഹത്വങ്ങൾ '

കാലങ്ങൾ കടന്നു പോവുന്നു
തിരിച്ചറിവുകൾ മാറിമാറി
അതിർത്തികളിൽ നിന്നും
വരുന്ന കാറ്റിൽ 'ചോരയുടെ ഗന്ധം'

തീവ്രവാദം, മതാന്ധത, കൊള്ള , കാപട്യം, അധികാരമോഹം
നിരവധിയായ പ്രശ്നങ്ങൾ തൻ നൂലാമാലകൾ

RAINBOW

വെടിയുണ്ടകളെ, ബോംബുകളെ

പേടിക്കുന്ന അമ്മമാർ, നിഷ്കളങ്കരായ കുട്ടികൾ

ഭയചകിതരായ കുട്ടികൾ

വിശപ്പിൻ, ദാരിദ്ര്യത്തിൻ

ഭയത്തിൻ കാറ്റടിക്കുന്നു.

വളർച്ചയുടെ വികസനത്തിന്റെ

പുരോഗതിയുടെ കാറ്റടിക്കുന്നു.

സുഖദുഃഖങ്ങൾ ഇടകലർന്ന ജീവിതത്തിൽ

സഹോദരന്റെ കണ്ണീരൊപ്പുന്ന

ആശ്വാസവാക്കുകളുരിയാടുന്ന

പ്രത്യാശ നൽകുന്ന

സുഗന്ധപൂരിതമായ കാറ്റുകൾ

വീശട്ടെ അതിർത്തിയിൽനിന്ന് ..........



Amrutha

9-A

# ചെമ്പൻ കുഞ്ഞ്

മുറിവേറ്റ മനസ്സുകളിൽ നിന്ന് ചോര വാർന്ന് വീഴുന്നതു കാണാതെ, ആഗ്രഹിച്ചതൊക്കെ വെട്ടിപ്പിടിച്ചവന്റെ അവസാനത്തെ വിലാപമായി ചെമ്പൻ കുഞ്ഞ് എന്ന കഥാ പാത്രം മലയാളി ഉള്ളിടത്തോളമുണ്ടാകും. പരീക്കുട്ടിയും കറുത്തമ്മയും തമ്മിലുള്ള തീവ്ര പ്രണയത്തിന്റെയും പ്രണയ ദുരന്തത്തിന്റെയും കഥയാണ് ചെമ്മീൻ. ഒപ്പം കറുത്തമ്മയുടെ അച്ചൻ ചെമ്പൻ കുഞ്ഞിന്റെ കഥക്കുടിയാണ്. അയാളുടെ സ്വപ്നങ്ങളുടെ കഥ, വീഴ്ച്ചയുടെയും.

സോഷ്യലിസവും സാമൂഹ്യനീതിയുമെല്ലാം കഥകടെയും നോവലുകളുടെയും വിഷയങ്ങളായിരുന്ന കാലത്ത് വ്യത്യസ്തമായ പ്രമേയമാണ് തകഴി ശിവശങ്കരപ്പിള്ള പരീക്ഷിച്ചത്. പ്രണയത്തോടൊപ്പം കടലോരത്തെ ജീവിത സ്പന്ദനങ്ങളോരോന്നും ആ

കൃതി പങ്കു വച്ചു. കടലും കടൽകാറ്റും കടലോരവും മലയാളിയുടെ മനസ്സിൽ അലകളായി.

കടലോരങ്ങളിലെ വറുതിയുടെ നാളുകളിൽ കൈ നിറയെ പണവുമായി കൊള്ളപ്പലിശക്കാർ ഇറങ്ങിനടക്കും.എഴുത്തും വായനയും അറിയാത്ത മുക്കുവർക്ക് അവർ പണം നൽകും.ഒടുവിൽ പലിശ കയറി മിക്കവന്റെ ജീവിതം മുടിയും.

സ്വന്തമായൊരു വള്ളവും വലയു മായിരുന്നു ചെമ്പൻ കുഞ്ഞിന്റെ സ്വപ്നം. പലിശക്കാരനിൽ നിന്ന് അയാളെ രക്ഷിക്കുന്നതും വള്ളവും വലയും വാങ്ങാൻ പണം നൽകുന്നതും പരീക്കുട്ടിയാണ്. മകളുടെ കാമുകനെ പണത്തിനായി സമീപിച്ചപ്പോഴുള്ള മനസ്സായിരുന്നില്ല. കാര്യം നടന്ന് കഴിഞ്ഞപ്പോൾ ചെമ്പൻ കുഞ്ഞിന് കറുത്തമ്മയുടെയും പരീക്കുട്ടിയുടെയും പളനിയുടെയും ജീവിതങ്ങൾ തകരാൻ നിമിത്തമാകുന്നത് ചെമ്പൻ കുഞ്ഞിന്റെ തീരുമാനങ്ങളാണ്.

അയാൾക്ക് കൈ നിറയെ കിട്ടുന്ന പണം പോലും വെറുതെയാകുന്നു. സമനില തെറ്റിയ ജീവിതത്തിന് പണം ആവശ്യമില്ലല്ലോ. ലോകത്തിലെ വിവിധ ഭാഷകളിലേക്കും പരിഭാഷപ്പെടുത്തിയ "ചെമ്മീൻ " മലയാളികളുടെ എക്കാലത്തെയും പ്രിയപ്പെട്ട കൃതിയാണ്. ജീവിത ദുരന്തങ്ങളുടെ പ്രതീകമായ ചെമ്പൻ കുഞ്ഞ് മലയാളികൾക്കു മറക്കാനാവാത്ത കഥാപാത്രവും.



**Chris Manual Sibi**
**8D**

# ദുര...

മനുഷ്യന്റെ ദുരമൂത്ത് ആർത്തി പൂണ്ടു...
അന്ധനായ്...

അറിയില്ല സോദരനെപ്പോലും...

അമ്മയാം ഭൂമിയെ പിച്ചിച്ചീന്തുന്നു...
"വികസനം " എന്നൊരു പേരിലവൻ...!!

ആകാശം മുട്ടുന്ന ഫ്ലാറ്റുകൾ പണിയുവാൻ ,
തണ്ണീർതടങ്ങൾ മണ്ണിട്ടു മൂടുന്നു.

ശാസ്ത്രത്തിന്റെ വിരുതാൽ... പൊട്ടിത്തെറിക്കുന്നു..
തകർന്നു വീഴുന്നു... മാനവർ തീർത്തൊരാ ഗോപുരങ്ങൾ..

ഭൂമിദേവിയെ നാശോന്മുഖയാക്കി, ജീവിതം സാധ്യമല്ലെന്നറിയാത്ത
ജന്മങ്ങൾ..

സർവ്വംസഹയായി കാത്തിരുന്നു... കാലങ്ങളോളം,
തൻ മക്കൾ തൻ ചെയ്തികൾ..

അതിന്റെ ബാക്കിയായ് പ്രളയങ്ങൾ, ദുരിതങ്ങൾ, മരണങ്ങൾ,
നാശനഷ്ടങ്ങൾ...

നീർച്ചാലു വറ്റിച്ചു നിർമ്മിച്ച നഗരങ്ങൾ നീരൊഴുക്കിത്തന്നെ
വീണ്ടെടുത്തു...

പ്രകൃതി തൻ താണ്ഡവം നേരിടാനായ്..
മനുഷ്യത്വം മരിക്കാതവരൊത്തുചേർന്നു...

അതിജീവനത്തിനായ് നെട്ടോട്ടമോടുന്നു...!!
പ്രകൃതിയെനശിപ്പിച്ച് ജീവിതം സാധ്യമോ...???
സഹജീവികൾ കൂടാതെ ജീവിതം സാധ്യമോ..???
തിരിച്ചറിവുകൾ.... പാഠങ്ങൾ... നമുക്കായ്....

മാറ്റങ്ങൾ അനിവാര്യം.. താമസംവിനാ..!!!



Dilna Sherin

9-A

# EARTH AND MAN

**Earth is our mother. But today we kill our nature. Nature is died. Trees, rivers, hills, fields, streams are the beauty of nature.**

**But , now we cut the trees, dumb soil in fields, that is very wrong duty. Our current and real duty is nature caring. The climate changes kill the nature. We realize the importance of nature and earth. Population is main problem today. In our land, our earth that is our duty, that is our work. Decades ahead of scientific projects no verities in our earth. We are also live in earth. So, we should ready to save our earth.**

Elaine Ann
Anish
VII E



# Computer shortcut keys everyone should know: Word, Excel, Outlook, Windows shortcuts




**List of basic computer shortcut keys:**

- Alt + F--File menu options in the current program.
- Alt + E--Edits options in the current program.
- F1--Universal help (for any sort of program).
- Ctrl + A--Selects all text.
- Ctrl + X--Cuts the selected item.
- Ctrl + Del--Cut selected item.
- Ctrl + C--Copy the selected item.
- Ctrl + Ins-- Copy the selected item.
- Ctrl + V--Paste the selected item.

- Shift + Ins -- Paste the selected item.
- Home -- Takes the user to the beginning of the current line.
- Ctrl + Home--Go to the beginning of the document.
- End -- Go to the end of the current line.
- Ctrl + End -- Go to the end of a document.
- Shift + Home -- Highlight from current position to beginning of the line.
- Shift + End -- Highlight from current position to end of the line.
- Ctrl + (Left arrow) -- Move one word to the left at a time.
- Ctrl + (Right arrow) -- Move one word to the right at a time.

**Microsoft Windows shortcut keys list**

- Alt + Tab -- Switch between open applications.
- Alt + Shift + Tab -- Switch backward between open applications.
- Alt + Print Screen -- Create screenshot for the current program.
- Ctrl + Alt + Del -- Reboot/Windows task manager.

- Ctrl + Esc -- Bring up the start menu.
- Alt + Esc -- Switch between applications on the taskbar.
- F2 -- Rename selected icon.
- F3 -- Start find from the desktop.
- F4 -- Open the drive selection when browsing.
- F5 -- Refresh contents.
- Alt + F4 -- Close current open program.
- Ctrl + F4 -- Close window in program.
- Ctrl + Plus Key-- Automatically adjust widths of all columns in Windows Explorer.
- Alt + Enter -- Open properties window of selected icon or program.
- Shift + F10 -- Simulate right-click on selected item.
- Shift + Del -- Delete programs/files permanently.
- Holding Shift During Boot up -- Boot safe mode or bypass system files.
- Holding Shift During Boot up -- When putting in an audio CD, will prevent CD Player from playing.

## Word shortcut keys

- Ctrl + A -- Select all contents of the page.

- Ctrl + B -- Bold highlighted selection.
- Ctrl + C -- Copy selected text.
- Ctrl + X -- Cut selected text.
- Ctrl + N -- Open new/blank document.
- Ctrl + O -- Open options.
- Ctrl + P -- Open the print window.
- Ctrl + F -- Open find box.
- Ctrl + I -- Italicise highlighted selection.
- Ctrl + K -- Insert link.
- Ctrl + U -- Underline highlighted selection.
- Ctrl + V -- Paste.
- Ctrl + Y -- Redo the last action performed.
- Ctrl + Z -- Undo last action.
- Ctrl + G -- Find and replace options.
- Ctrl + H -- Find and replace options.
- Ctrl + J -- Justify paragraph alignment.
- Ctrl + L -- Align selected text or line to the left.
- Ctrl + Q -- Align selected paragraph to the left.
- Ctrl + E -- Align selected text or line to the center.
- Ctrl + R -- Align selected text or line to the right.
- Ctrl + M -- Indent the paragraph.
- Ctrl + T -- Hanging indent.
- Ctrl + D -- Font options.
- Ctrl + Shift + F -- Change the font.
- Ctrl + Shift + > -- Increase selected font +1.
- Ctrl + ] -- Increase selected font +1.
- Ctrl + [ -- Decrease selected font -1.
- Ctrl + Shift + * -- View or hide non printing characters.

- Ctrl + (Left arrow) -- Move one word to the left.
- Ctrl + (Right arrow) -- Move one word to the right.
- Ctrl + (Up arrow) -- Move to the beginning of the line or paragraph.
- Ctrl + (Down arrow) -- Move to the end of the paragraph.
- Ctrl + Del -- Delete word to the right of the cursor.
- Ctrl + Backspace -- Delete word to the left of the cursor.
- Ctrl + End -- Move cursor to end of the document.
- Ctrl + Home -- Move cursor to the beginning of the document.
- Ctrl + Space -- Reset highlighted text to default font.
- Ctrl + 1 -- Single-space lines.
- Ctrl + 2 -- Double-space lines.
- Ctrl + 5 -- 1.5-line spacing.
- Ctrl + Alt + 1 Change text to heading 1.
- Ctrl + Alt + 2 Change text to heading 2.
- Ctrl + Alt + 3 Change text to heading 3.
- F1 -- Open help.
- Shift + F3 -- Change case of selected text.
- Shift + Insert -- Paste.
- F4 -- Repeat the last action performed (Word 2000+).
- F7 -- Spell check selected text and/or document.
- Shift + F7 -- Activate the thesaurus.
- F12 -- Save as.
- Ctrl + S -- Save.
- Shift + F12 -- Save.
- Alt + Shift + D -- Insert the current date.
- Alt + Shift + T -- Insert the current time.

- Ctrl + W -- Close document.

**Excel shortcut keys**

- F2 -- Edit the selected cell.
- F5 -- Go to a specific cell.
- F7 -- Spell check selected text and/or document.
- F11 -- Create chart
- Ctrl + Shift + ; -- Enter the current time.
- Ctrl + ; -- Enter the current date
- Alt + Shift + F1 -- Insert new worksheet.
- Shift + F3 -- Open the Excel formula window.
- Shift + F5 -- Bring up the search box
- Ctrl + A -- Select all contents of a worksheet.
- Ctrl + B -- Bold highlighted selection.
- Ctrl + I -- Italicize highlighted selection.
- Ctrl + C -- Copy selected text.
- Ctrl + V -- Paste
- Ctrl + D -- Fill
- Ctrl + K -- Insert link
- Ctrl + F -- Open find and replace options.
- Ctrl + G -- Open go-to options.
- Ctrl + H -- Open find and replace options.
- Ctrl + U -- Underline highlighted selection.
- Ctrl + Y -- Underline selected text.
- Ctrl + 5 -- Strikethrough highlighted selection.

- Ctrl + O -- Open options.
- Ctrl + N -- Open new document.
- Ctrl + P -- Open print dialog box.
- Ctrl + S -- Save.
- Ctrl + Z -- Undo last action.
- Ctrl + F9 -- Minimize current window.
- Ctrl + F10 -- Maximize currently selected window.
- Ctrl + F6 -- Switch between open workbooks/windows.
- Ctrl + Page up & Page Down -- Move between Excel worksheets in the same document.
- Ctrl + Tab -- Move between two or more open Excel files
- Alt + = -- Create the formula to sum all of the above cells.
- Ctrl + -- Insert the value of above cell into the current cell.
- Ctrl + Shift + ! -- Format number in comma format.
- Ctrl + Shift + $ -- Format number in currency format.
- Ctrl + Shift + # -- Format number in date format.
- Ctrl + Shift + % -- Format number in percentage format.
- Ctrl + Shift + ^ -- Format number in scientific format.
- Ctrl + Shift + @ -- Format number in time format.
- Ctrl + (Right arrow) -- Move to next section of text.
- Ctrl + Space -- Select entire column.
- Shift + Space -- Select entire row.
- Ctrl + W -- Close document.

- **Outlook shortcut keys**

- Alt + S -- Send the email.
- Ctrl + C -- Copy selected text.
- Ctrl + X -- Cut selected text.
- Ctrl + P -- Open print dialog box.
- Ctrl + K -- Complete name/email typed in address bar.
- Ctrl + B -- Bold highlighted selection.
- Ctrl + I -- Italicize highlighted selection.
- Ctrl + U -- Underline highlighted selection.
- Ctrl + R -- Reply to an email.
- Ctrl + F -- Forward an email.
- Ctrl + N -- Create a new email.
- Ctrl + Shift + A -- Create a new appointment to your calendar.
- Ctrl + Shift + O -- Open the outbox.
- Ctrl + Shift + I -- Open the inbox.
- Ctrl + Shift + K -- Add a new task.
- Ctrl + Shift + C -- Create a new contact.
- Ctrl + Shift+ J -- Create a new journal entry.

لٹل کائٹ کے ماتحت تیار کئے گئے ڈجٹل ماگزن
”رین بو“ اور اس کے کام کرنے والے اساتذے' طلبہ اردو
استاد کی طرف سے مبارک باد

شالنی .ایم کے



**Salini M.K (Teacher)**



**Fidha Shamsudheen**

**IX-E**

# THE ILLUTIONIST

There was a girl who wore a mask, but people didn't notice it. She was quit normal, happy and energetic, but people never noticed what was behind the mask. They never noticed because it was she who covered her true self behind he mask ,this girl had many mask, each for her house, her school and the out side world. In the eyes of people all they saw was a restless spirit capable of Any thing, than independent and self relaying one.

Some one afraid of her, but some found a way to enter into her. But, they must know that once they enter they can't get out. But behind the mask was a broken heart and a wounded soul trying to get attention from others to get out of the dark world in which she was leaving. It was like she was destined to live there, to be there, to feel

the pain. The only light she found was the comfort of her parents and herself, it was the only thing that kept her alive. It was her only light. In her world of being An “Illutionist” She revealed her true self only to the ones she loved.........
But......



# THE BOOK THIEF

Jennie was a girl who loved reading. She read mostly fictions. “She is living in a world of her own” Said her parents, but they didn’t knew that their daughter was getting bullied for it. People in her class called her a ‘bookworm’ and made fun for her, but she never bothered it.

Once there was a book fair in her school. She went there and saw a book, a book which she had seen many times but never had a chance to make it her’s. She asked her parents once she got home. But they extinguish her excitement with five

words - “We will buy it online”. She was so sad that all the other kids got what they wanted. So she took her pocket money without telling her parent and bought the book. Her happiness was restored and she finished the book within the first two hours. But now the question arise how will she take this book to home? So she and her friends made a plan. They packed the book as a gift from one of them. Her parents believed her the first day but was still suspicious .

But eventually thy found out the truth. They were mad at Jennie for her misbehaviour and were afraid of what else she would do, so as any parents, they took her to a psychologist. It was her first time visiting them. She was afraid but at the same time excited. After her session the doctors said that there is nothing to be afraid of and that this kind of kids are less these days. They also said to her to never stop reading even if someone make fun of her but never to steal and break your parents heart.

Fidha Shamsudheen

IX E

'लिट्टिल कैट्स' के नेतृत्व में तैयार किये गये डिजिट्टल मागसिन 'रइनबो' को और इसके पीछे काम करनेवाले शिक्षक. छात्र सब को हिंदी अध्यापक की ओर से हार्दिक शुभकामनायें

सैना सैमण





**Irfan Ali**
**9-C**

# തമ്പലീന എന്ന വിരൽ കുട്ടി

പണ്ട് ഒരു നാട്ടിൽ ഒരു മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരുന്നു. അവർക്കും കുട്ടികൾ ഇല്ലാത്തതിനാൽ അവർ വളരെയധികം വിഷമിച്ചിരുന്നു. അങ്ങനെ മുത്തശ്ശി ഒരു ദിവസം ഒരു സ്വപ്നം കാണുകയുണ്ടായി. അടുത്ത നാട്ടിലെ മന്ത്രവാദിയെ കണ്ടാൽ അവർക്ക് ഒരു കുഞ്ഞിനെ കിട്ടുമെന്ന് ആയപ്പോൾ മുത്തശ്ശി അത് മുത്തഛനോട് പറയുകയും പിറ്റേദിവസം തന്നെ അവർ അടുത്ത നാട്ടിലെ മന്ത്രവാദിയെ കാണാൻ പോവുകയും ചെയ്തു. അവിടെ ചെന്നപ്പോൾ മന്ത്രവാദിനി തന്റെ പത്തായം തുറന്ന് ഒരു സൂര്യകാന്തി

പൂവിന്റെ വിത്ത് നൽകിക്കൊണ്ട് പറഞ്ഞു. ഇത് നട്ടാൽ നിങ്ങൾക്ക് ഒരു കുട്ടിയെ ലഭിക്കുമെന്ന് പറഞ്ഞു. അങ്ങനെ അവർ വീട്ടിലേക്ക് മടങ്ങി സൂര്യകാന്തി ചെടിയുടെ വിത്ത് കുഴിച്ചിട്ട് നല്ലവണ്ണം പരിപാലിച്ചു. അങ്ങനെ ആ ചെടി വളരുകയും അതിലൊരു പൂമൊട്ട് വിരിയുകയും ചെയ്തു. ഒരു ദിവസം അവർ തന്റെ തോട്ടത്തിൽ ജോലി ചെയ്യുമ്പോൾ ആ മൊട്ട് വിരിയുകയും ഒരു കരച്ചിൽ കേൾക്കുകയും ചെയ്തു. അപ്പോൾ മുത്തശ്ശി തനിക്ക് തന്റെ  കുട്ടിയെ കിട്ടി എന്ന് ആർത്ത് വിളിച്ചുകൊണ്ട് പൂവിൻറെ അരികിലേക്ക് ഓടു കയുണ്ടായി. അവിടെ ചെന്നപ്പോൾ ആ കുട്ടിക്ക് ഒരു തള്ളവിരലിലെ വലുപ്പം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ ആ കുട്ടിയെ കുളിപ്പിച്ച് ഒരു വാൾനട്ട് മരത്തിൻറെ തോലിൽ കിടത്തി. അങ്ങനെ അന്ന് രാത്രി എല്ലാവരും ഉറങ്ങി കിടന്നപ്പോൾ ഒരു ചൊറി തവള അവളെ കാണുകയും തന്റെ മകനെ നന്നായി ചേരും എന്ന് പറഞ്ഞുകൊണ്ട് തമ്പലീന കിടന്നിരുന്ന വാൾനട്ട് മരത്തിൻറെ തോൽ കടിച്ചു കൊണ്ടുപോയി. മുത്തശ്ശനും മുത്തശ്ശിയും ഒന്നും അറിയുന്നുണ്ടായിരുന്നില്ല. അങ്ങനെ ആ തവള തമ്പലീനയെ ഒരു താമരയുടെ ഇലയിൽ കിടത്തി. പെട്ടെന്ന് തമ്പലീന കണ്ണുതുറന്നു. ചൊറി തവളയെ കണ്ട് അവൾ പേടിച്ചു പോയി. ചൊറിത്തവള പറഞ്ഞു നീ എന്റെ മകൻ നന്നായി ചേരും. എന്ത് വെള്ളത്തിൽ ജീവിക്കുന്ന ചൊറിത്തവളയെ

കല്യാണം കഴിക്കാനോ. അവൾ തന്റെ അമ്മയെ ഓർത്തു കരയാൻ തുടങ്ങി. അപ്പോൾ ഇതെല്ലാം കേട്ടിരുന്ന മീനുകൾ നമുക്ക് ഇവളെ രക്ഷിക്കണം എന്ന് പറഞ്ഞുകൊണ്ട് ആ താമരയുടെ തണ്ട് മുറിച്ചു കളഞ്ഞു. അങ്ങനെ അവൾ ഒലിച്ചു പോകാൻ തുടങ്ങി. അങ്ങനെ അവൾ രക്ഷിക്കണേ എന്ന് പറയുകയും ചെയ്തു. അവിടെവച്ച് തള്ളവിരലിന്റെ മാത്രം വലുപ്പമുള്ള ഒരു പൂ രാജാവിനെ കാണുകയും അദ്ദേഹം അവളെ രക്ഷിക്കുകയും അവളെ കല്യാണം കഴിക്കുകയും ചെയ്തു. അവർ തമ്പലീന യുടെ സ്വന്തം വീട്ടിലേക്ക് പോയി സുഖമായി ജീവിച്ചു.



**ഐറിസ് സാറ ഗ്രെയ്സൺ**
**8-D**


# എസ്. പി. സി യും നെൽകൃഷിയും

കൃഷിയുടെ പ്രാധാന്യം കുറഞ്ഞുവരികയും. കൃഷി ചെയുന്നവരുടെ എണ്ണം കുറയുകയും കൃഷിയിടങ്ങൾ നികത്തി ഫ്ലാറ്റുകളും ഷോപിംഗ് കോംപ്ലക്സുകളും ഉയർന്നുവരുന്ന കാലഘട്ടത്തിൽ കൃഷിയെക്കുറിച്ചും കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുവാനും വരും തലമുറയ്ക്ക് പകർന്നുകൊടുക്കുവാനുമായിട്ട് സെൻറ് മേരീസ് സ്കൂളലെ SPC യുടെ ആഭിമു
ഖ്യത്തിൽ ഞങ്ങൾ spc cadets കളും ഞങ്ങളുടെ പ്രിയപ്പെട്ട റെജി സാറും SPC പ്രവർത്തകരും ഹരിതസേന മിഷനിലെ അംഗങ്ങളും ചേർന്ന്

നടത്തിയ ഒരു മീറ്റിംഗിൽ അനുയോജ്യമായ നിലം പാടത്തിനെടുത്ത് അതിൽ
നെൽ കൃഷി ചെയ്യാൻ തീരുമാനമെടുത്തു റെജി സാർ
ഒരു അധ്യാപകൻ മാത്രമല്ല ഒരു കൃഷിക്കാരൻ കൂടിയാണ് .
തീരുമാനത്തെ തുടർന്ന് ഞങ്ങൾ cadets റെജി സാറിനോടൊത്ത്
കൃഷിചെയ്യാനുള്ള സ്ഥലം കാണാൻ പോയി. അവിടെ ചേറിൽ ഇറങ്ങി, ഞങ്ങൾ അന്നാദ്യമായിട്ട് ചേറിൻെറ മണമറിഞ്ഞത്. ഞങ്ങൾ നല്ലവണ്ണം ആഘോഷിച്ചു. മൂന്നു തരത്തിലുള്ള നെല്ലുകളാണ് ഉള്ളത് . നവര, രക്തശാലി, ഉമ എന്നീ മൂന്നുക്കൂട്ടം വിത്തുകൾ ചാണകത്തിലും മറ്റും മിശ്രിതത്തിൽ മൂന്നു ദിവസം ഇട്ടുവച്ചതിനുശേഷം ഒക്ടോബർ രണ്ടാം തിയതി അത് ചാക്കിൽകെട്ടി ഭാരം വച്ചു. അതു മുളച്ചതിനുശേഷം കോഴിവളം, കുമ്മായം ചാണകവും എല്ലാം കൂട്ടി ട്രില്ലർ ഉപയോഗിച്ച് ഉഴുതുമറിച്ച നിലത്ത് ഒരു ചെറിയ ഭാഗത്ത് പ്ലാസ്റ്റിക്ക് വിരിച്ച് കള്ളി കള്ളിയായി അതിനു മുകളിൽ ചേറും മറ്റു വളങ്ങളുമിട്ട് അതിനുമുകളിൽ നെല്ലുകൾ വിതറി.

15 ദിവസം കഴിഞ്ഞ് ഞാറുനടാറായപോൾ spc യുടെആഭിമുഖ്യത്തിൽ MLA കാരാട്ട് റസാക്ക് സാറും, പി.-റ്റി.എ അംഗങ്ങളും, spc യുടെ സ്റ്റാഫ് അംഗങ്ങളും , വാർഡ് മെമ്പറും, ഇ.ടി ഷൈലജ ടീച്ചറും, റെജി സാറും,
രാജശ്രീ ടിച്ചറും, ഞങ്ങൾ spc cadets കളും ചേർന്ന് ഞാറു നടൽ ഒരു ഉൽസവമാക്കിതീർത്തു. ശാസ്ത്രലോകം വളർന്നുക്കൊണ്ടിരിക്കുകയാണ് അതിനാൽ ഞാറുനടൽ മിഷ്യൻ ഉണ്ടാക്കി അതിൽ കളം കളംമായി ഞാറ് ഇ
രു ഭാഗത്ത് വക്കുകയും അത് ഒരാൾ ഉന്തിക്കൊണ്ടു പോകുമ്പോൾ ഇരു വശത്തും ഓരോ ഞാറുവീതം നട്ടുകൊണ്ടിരിക്കും പിന്നെ ഞങ്ങൾ SPC cadets കൾ റെജിസാറിന്റെ നേതൃത്വത്തിൽ ഹരിതസേന അംഗങ്ങളും ചേ

ർന്ന് ഇടക്കിടെ ഞങ്ങളുടെ കൃഷിയിടം സന്ദർശിക്കാൻ പോകും. കഴിഞ്ഞ മാസങ്ങളിൽ ഞങ്ങൾ പോയി കളകളും മറ്റും പറിക്കുകയുണ്ടായി. ഇനി രണ്ടാഴ്ച്ചക്കുളിൽ കൊയ്ത്തുത്സവം ആഘോഷിക്കുമെന്ന് കരുതുന്നു ഞങ്ങളുടെ എളിയ പ്രവർത്തനം എല്ലാവർക്കും ഒരു പ്രചോദനമാകും എന്ന് വിശ്വസിക്കുന്നു.



**Muhammed mubhsheer**

**IX-A**

# പ്രസംഗം

ജ്ഞാനവിജ്ഞാന സമ്പന്നമായ മനുഷ്യന്റെ സർഗ്ഗാത്മക പ്രതിഭാവിലാസം അനുനിമിഷം കതിച്ചുയരുന്ന ശ്രേയസ്കരമായ ഒരു യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പ്രപഞ്ചത്തിന്റെ നാനാമണ്ഡലങ്ങളിൽ മനുഷ്യന്റെ മസ്തിഷ്കം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അദ്ഭുതപ്രതിഭ ലോകം മുഴുവൻ വിരൽത്തുമ്പിൽ കാണുമ്പോഴും സ്വയം മനസ്സിലാക്കാൻ കഴിയാത്ത തന്നിലേക്ക് ഒതുങ്ങിക്കൂടുവാൻ ശ്രമിക്കുന്നു. ഇവിടെയാണ് സമയത്തിന്റെ പ്രാധാന്യം എന്തെന്ന് തിരിച്ചറിയേണ്ടത്. വിലകൽപ്പിക്കാനാവാത്തതും എന്നാൽ വിലകൽപ്പിക്കപ്പെടാതെപോകുന്നതുമായ അതിമഹത്തായ

അനുഗ്രഹമാണ് സമയം. വാനഭ്രുവനങ്ങൾ തന്നെ വിലയായി നൽകിയാലും ഒരംശം പോലും വിലക്കു വാങ്ങാൻ കഴിയാത്ത അമൂല്യ നിധി. ഭൗതീകലോകത്ത്നിന്ന് പൂർണമായി അനുഭവിക്കുകയും വിടച്ചൊല്ലുമ്പോൾ ഒരംശം പോലും കൊണ്ട്പോകാൻ കഴിയാത്തതുമായ മൂലധനം. സമയത്തെക്കുറിച്ചുള്ള ചിന്തകൾ ആഴത്തിലേക്ക് പോകുമ്പോൾ വിസ്മയങ്ങളിങ്ങനെ ഏറിയേറി വരും സമയം സമ്പത്താണോ? അല്ല. സമ്പത്തിന്റെയും സമ്പത്താണ്. അതിന്റെ സഞ്ചാരത്തിലാണ് രാപകലുകൾ മാറി മറിയുന്നത്. സെക്കന്റുകൾ മിനിട്ടുകളായും മിനിട്ടുകൾ മണിക്കൂറുകളായും മണിക്കൂറുകൾ ദിവസങ്ങളും ദിവസങ്ങൾ ആഴ്ചകളും ആഴ്ചകൾ മാസങ്ങളും മാസങ്ങൾ വർഷങ്ങളും വർഷങ്ങൾ നൂറ്റാണ്ടുകളുമൊക്കെയായി തരം തിരിയുന്നതും സമയത്തിന്റെ നിൽക്കാത്ത, നിലയ്ക്കാത്ത സഞ്ചാരത്തിൽ തന്നെ. നാടിനും വീടിനുമെല്ലാം നല്ല നല്ല കാര്യങ്ങൾ ചെയ്യാൻ നമ്മൾ പ്രേരിതരാകണം. ഓരോ ദിവസവും

പ്രയോജനകരമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടി പാഴാക്കി കളയുന്ന സമയം തിരിച്ചറിഞ്ഞ് അതിനെ ഫലപ്രദമായി

ഉപയോഗിക്കാൻ നമുക്കാകണം



**അലീന ബാബു**

**പൂർവ്വവിദ്യാർത്ഥിനി**

# *മിഴിനീർ ബാല്യം*

ചിന്നു ...ചിന്നു... അമ്മയുടെ ഉറക്കെയുള്ള വിളി കേട്ടുകൊണ്ടാണ് ചിന്നു ചാടി എഴുന്നേൽക്കുന്നത്.. അതെ അത് അമ്മയുടെ വിളി തന്നെയാണ്. ഇനി അനുഭവിക്കുക നല്ല ചൂരലിന്റെ ചൂടാണ്. അയ്യോ ചിന്നു ചാടിയെഴുന്നേറ്റു. ഹാവൂ അമ്മ എത്തിയില്ല. അവൾ ഓടി പൂമുഖത്തെത്തി. അവിടെ മുത്തച്ഛനും വേറെ ആരൊക്കെയോ ഉറക്കെ സംസാരിക്കുന്നു.. എന്താണെന്ന് ആർക്കറിയാം...

അപ്പോഴാണ് പുറകിൽ നിന്ന് മുത്തശ്ശി ചേർത്ത് പിടിച്ചത്. ഉടനെ തന്നെ കേട്ടു ഉം... അവളെ കൊഞ്ചിക്കാതെ വേഗം ഒരുക്ക്. ഇപ്പൊ അമ്മ ഇങ്ങനെയാ. വെറുതെ ദേഷ്യപ്പെടും. എപ്പോഴും ദേഷ്യാ. അങ്ങനെ ചെയ്യരുത്. അവിടെ പോകരുത് കളികണ്ട. വേണ്ട വേണ്ട ഒന്നും വേണ്ട.എന്റെ അമ്മോ ...

അച്ഛനുണ്ടായിരുന്നപ്പോ അമ്മ ഒന്നും പറഞ്ഞിരുന്നില്ല. ഇപ്പൊ അച്ഛനില്ല. അന്ന് പട്ടണത്തിലായിരുന്നു അച്ഛന്റെ ഒപ്പമായിരുന്നു എപ്പോഴും കളിച്ചിരുന്നത്. ഇപ്പോ അച്ഛനില്ല.

അങ്ങനെ നല്ല ഉടുപ്പൊക്കെയിട്ട് മുത്തശ്ശി ഒരുക്കി കണ്ണാടിയുടെ മുമ്പിൽ നിർത്തി. അപ്പോഴാണ് ഒരു വണ്ടി വന്ന ഒച്ച കേട്ടത്. മുത്തശ്ശി തിടുക്കത്തിൽ പുറത്തേക്ക് പോയി. ആരെയും കാണാത്തത് കൊണ്ട് ഞാൻ മെല്ലെ ഞാൻ പൂമുഖത്തേക്ക് പോയി.

അപ്പോഴാണ് കണ്ടത് അമ്മ നല്ല സാരിയെല്ലാം ചുറ്റി അങ്ങനെ നിൽക്കുന്നു. അമ്മയെ കാണാൻ എന്താ ചന്തം..ഹായ്.... അങ്ങനെ നോക്കി നിൽക്കുമ്പോഴാണ് വാ മോളെ... എന്ന വിളി. ഏതോ ഒരാൾ തന്നെ നോക്കി ചിരിക്കുന്നു. മാടി, മാടി വിളിക്കുന്നു. ഒന്നും നോക്കിയില്ല. തിരിഞ്ഞ് ഓടി.
ഞെട്ടി എഴുന്നേറ്റപ്പോഴാണ് നേരം പുലർന്നെയുള്ളൂ എന്ന് മനസ്സിലായത്. തന്നെ മുറുകെ കെട്ടിപ്പിടിച്ച കൈ മെല്ലെ മാറ്റി എഴുന്നേറ്റു. അവൾ നോക്കി കാണുകയാണ് തനിക്ക് വേണ്ടി ജീവിച്ച, തന്റെ മാത്രം അമ്മയെ. ഒരാളുടെ മുമ്പിലും തലകുനിക്കാതെ , ഒരാൾക്കും തന്റെ മകളെ നാളെ പന്താടാൻ നൽകാതെ, അച്ഛൻ മരിച്ച ശേഷം, അച്ഛന്റെ ജോലി അമ്മയ്ക്ക് ലഭിച്ചതിനാൽ, ആ നാട്ടിൻ പുറത്തുനിന്ന് പട്ടണത്തിലേക്ക് തന്റെകൈയ്യും പിടിച്ച് ഉറച്ച തീരുമാനങ്ങളോടെ വന്ന തന്റെ പാവം അമ്മ.

എന്റെ ജീവിതം എങ്ങനെയായാലും അമ്മയ്ക്ക് എന്നെയും, എനിക്ക് അമ്മയെയും മനസിലാവും. വേണമെങ്കിൽ മനസ്സിലാവുന്നില്ല എന്ന് നടിക്കാം. അമ്മയ്ക്കും നടിക്കാമായിരുന്നു ... അന്ന് തന്റെ കണ്ണിലെ ആ കണ്ണുനീരിനെ....



Krishnajith
9-D

# എന്റെ പുതുമഴ

സ്നേഹിക്കുന്നുണ്ടെന്റെ പുതുമഴയെ
എന്റെ ജീവന്റെ ജീവനായ മഴയെ

ഓർക്കുന്നു ഓർക്കുന്നു ആ മഴയെ
എന്റെ കുട്ടിക്കാലത്തെ പുതുമഴയെ

കരളിൽ തട്ടി തണുക്കും
എന്റെ ജീവന്റെ ജീവനായ പുതുമഴയെ

കരളിൽ തട്ടിപാട്ടുപാടി കളിക്കും
ഒരു ജീനഘനികയാണ് പുതുമഴ


സന്തോഷ കുളിർ പാട്ടാണ് എന്റെ പുതുമഴ
എന്റെ സന്തോഷ കുളിർ പാട്ട് എൻ കരളിലെ പുതുമഴ

ഭൂമിതൻ ഇന്ദ്രജാലത്തിന്റെ പേര്
എന്റെ സന്തോഷ കുളിർമയുടെ മഴ



**Fathima Riftha**
**9-A**

# പ്രകൃതി സൗന്ദര്യം



പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കണമെകിൽ അവയിലൂടെ യാത്ര ചെയ്യണം.പ്രകൃതിസ്നേഹമാണ്. സുന്ദരനും സുന്ദരിയുമാണ്.ശാന്തമായ മനസ്സ് ഓരോന്നിലെയും സ്പന്ദനങ്ങളെയും നിറഭേദങ്ങളും ദ്രുപങ്ങളെയും പ്രണയാവേശത്താൽ നെഞ്ചോട് ചേർത്ത ചലനമാവുന്നു. മലകളും

മരങ്ങളും പൂക്കളും ഫലങ്ങളും നദിയും പുഴയും അരുവിയും വെള്ളച്ചാട്ടങ്ങളും കാടും മൃഗങ്ങളും പക്ഷികളും കിളികളും പൂമ്പാറ്റകളും വള്ളിപ്പടർപ്പുകളും ചിതൽപ്പുറ്റുകളും തേനീച്ചകളും മേഘങ്ങളും മഴയും കാറ്റും തണുപ്പും കോടമഞ്ഞും പാറക്കെട്ടുകളും മൊട്ടക്കുന്നുകളും പൈൻമരങ്ങളും എന്റെ കൂട്ടുകാരാണ്. അവരുടെ ഇടയിലെ നിശബ്ദതയും മൗനവും, ഉയരവും, താഴ്ച്ചയും, ശബ്ദങ്ങളും ചലനങ്ങളും ഹൃദയതാളത്തിൽ പുതിയ ഈണങ്ങൾ കോർത്തിണക്കുമ്പോൾ അവയെന്നിൽ അതേ അനുഭൂതി ഉണർത്തി സഹസഞ്ചാരികളാകുന്നു.



**Regi J Karot**
**Teacher**

# യാത്ര.......

സാധാരണ പഠനയാത്ര ഉണ്ടെന്ന് പറഞ്ഞാൽ കുറച്ച് പണം ഉള്ളവർ പോകും. എന്നാൽ കൂടത്തായിലെ എസ്.പി.സി യൂണിറ്റ് മുഴുവൻ-88 കേഡറ്റുകൾ, 4 അധ്യാപകർ, 2 പോലീസ് , 10 രക്ഷാകർത്താക്കൾ എന്നിവരടങ്ങുന്ന ടീം രാവിലെ 2 KSRTC ബസിലായി കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ എത്തി. ജീവിതത്തിൽ ആദ്യമായി ട്രെയിനിൽ കയറിയവരാണ് കൂടുതൽ പേരും.

അങ്ങനെ കൊച്ചിയിൽ എത്തി. ആദ്യമായി സാഗർ റാണിയിൽ അറബിക്കടലിൽ 2.5 മണിക്കൂർ. ജീവിതത്തിൽ നവ്യ അനുഭവമായിരുന്നു ഏവർക്കും. തുടർന്ന് മെട്രോ യാത്ര, കേരള മ്യൂസിയം, ലുലുമാൾ......... അക്ഷരാർത്ഥത്തിൽ അതിശയം തന്നെ.

പിന്നീട് വിമാനയാത്ര........ തിരുവനന്തപുരത്തേക്ക്. അവിടെ കേരള നിയമസഭ, പ്ലാനിറ്റോറിയം, ശ്രീപത്മനാഭക്ഷേത്രം, ബീച്ച് കണ്ട് വീണ്ടും ട്രെയിനിൽ..... കോഴിക്കോട് . പിന്നെ KSRTC യിൽ വീട്ടിലേക്ക്.........

ഇതിന് നേതൃത്വം നൽകിയത് അധ്യാപകരായ ഫാ.ബിബിൻ, റെജി കരോട്ട് സാർ, സൈന ടീച്ചർ, രാജശ്രീ ടീച്ചർ എന്നിവരും ജില്ലാ അസി. നോഡൽ ഓഫീസർ സന്തോഷ് , DI മാരായ ഡിനോയി സാർ, സിന്ധു മാഡം തുടങ്ങിയവരാണ്.



**Rishla Sherin**
***9-A***

# സ്നേഹാർദ്രം

ഒരു ആഴ്ചയായി  ശ്രേയ നല്ലതു പോലെ ഉറങ്ങിയിട്ട്. കണ്ണടച്ചാൽ അനിയത്തിയുടെ മുഖമാണ്. അവൾ ഒപ്പമുള്ള സമയത്ത് അവളുടെ വില ശ്രേയ അറിഞ്ഞിരുന്നില്ല. അനിയത്തി ഒന്ന് അടുത്തേക്ക് വന്നാൽ സംസാരിക്കാൻ പോലും സമയമില്ല. തിരക്കാണ്....

ഒരു നാട് ,ആ നാട്ടിലെ ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ് ശ്രേയ. അവൾക്ക് ഒരു അനിയത്തിയാണ് ഉള്ളത്. അച്ഛന് കൂലിപ്പണിയാണ്. അമ്മ വീട്ടമ്മയാണ്. അച്ഛന് വയസ്സായി.അതോടൊപ്പം   വീട്ടിലെ കഷ്ടപാടുകളും കൂടി. എന്നാലും ഉള്ളതു കൊണ്ട് അവർ ജീവിച്ചു. ഒരു ദിവസം അനിയത്തിക്ക് ഒരു

തലക്കറക്കം.ഹോസ്പിറ്റലിൽ  കൊണ്ട് പോയി.അവൾ അപ്പോൾ 10-ലാണ് പഠിക്കുന്നത്.ശ്രേയ ജോലിക്കാരിയാണ്,ടീച്ചറാണ്.ശ്രേയ പണിക്ക് പോവുന്നതു കൊണ്ടാണ്
ആ വീട് പട്ടിണിയില്ലാതെ കഴിയുന്നത് . കുറച്ച് ദിവസങ്ങൾ കടന്ന് പോയി . ശ്രേയയുടെ അനിയത്തിക്ക് ഒരു സന്തോഷവും ഇല്ല. എന്നുംഅസുഖങ്ങൾ തന്നെ. അങ്ങനെയാണ് ആ വലിയ രഹസ്യം അവർ അറിയുന്നത്. അനിയത്തിക്ക് ക്യാൻസറാണ്. അവളെ അത് അറിയിക്കാതെ നോക്കി,പക്ഷേ അവൾ എങ്ങനെയോ ആ കാര്യം അറിഞ്ഞു. പിന്നെ കരച്ചിൽ നിറുത്തിയില്ല. അവളുടെ അസുഖത്തിന്റെ ചികിത്സയ്ക്കായി ശ്രേയ ഒരുപാട് കഷ്ടപ്പെട്ടു. അവളെ നഷ്ടപ്പെടുമെന്ന ഭയത്താൽ ശ്രേയ അവളുടെ അരികിൽ തന്നെ നിന്നു.

ഒരു മാസം കഴിഞ്ഞു. ശ്രേയ പരമാവധി അനിയത്തിയെ സമാധാനിപ്പിക്കാൻ നോക്കി. പതിയെ പതിയെ അനിയത്തിയുടെ രോഗം മാറിത്തുടങ്ങി. അനിയത്തിയുടെ മുടിയെല്ലാം കൊഴിഞ്ഞു പോയി. പക്ഷേ അവൾ ശ്രേയയുടെ കരുതലിൽ എല്ലാം മറന്നു. ഒരു ദിവസം അനിയത്തിക്ക് ഒരു ആഗ്രഹം, പുറത്തിറങ്ങിയിട്ട് നാളുകളായി. എനിക്ക് ഒന്നു കടയിൽ പോണം. ശ്രേയ അവളുടെ ആ ആഗ്രഹത്തിന് എതിരു നിന്നില്ല. 'ഞാൻ നിന്നെ കൊണ്ടു പോകാം' എന്ന് ശ്രേയ പറഞ്ഞു. രണ്ടാളും ഒരുങ്ങി ഇറങ്ങി. ശ്രേയയും അനിയത്തിയും മുഴുവൻ ചുറ്റി നടന്നു. അപ്പോഴാണ് ശ്രേയ അവളുടെ കൂട്ടുകാരെ കണ്ടത്. ശ്രേയ അവരോട് സംസാരിച്ച നിന്നു. അപ്പോഴാണ് അനിയത്തി പറഞ്ഞത് . ഞാൻ ഇപ്പോൾ വരാം,എനിക്ക് ഒരു സാധനം വാങ്ങാനുണ്ട്.

ശ്രേയ പറഞ്ഞു വേഗം വരണമെന്ന്. അങ്ങനെ കുറെ നേരം കഴിഞ്ഞിട്ടും അനിയത്തിയെ കാണുന്നില്ല. നോക്കിയപ്പോൾ റോഡിന്റെ മറുവശത്ത് അനിയത്തി നിൽക്കുന്നതാണ് കണ്ടത്. അവൾ വിളിച്ചു പറഞ്ഞു 'വേഗം വാ' ചേച്ചിയുടെ വിളി കേട്ട് അവൾ ഓടി വന്നു. അപ്പോൾ എതിരെ വന്ന ലോറി അവൾ കണ്ടില്ല. അവളെ അത് വന്ന് ഇടിച്ചു. തെറിച്ച് അവൾ റോഡിന്റെ മറു ഭാഗത്ത് വീണു. തന്റെ അനിയത്തി ചോരയിൽ കുളിച്ച് കിടക്കുന്നത് കണ്ട് ശ്രേയ കരഞ്ഞു വീണു.

അവളുടെ കൈകളിൽ കിടന്ന് അനിയത്തി മരക്കുന്നത് അവൾ കണ്ടു നിന്നു. ഒന്നും ചെയ്യാനാവാതെ നിസ്സഹായയായി അവൾ നിന്നു.

എല്ലാം കഴിഞ്ഞു. അനിയത്തി അവളെ വിട്ടു പോയി. ശ്രേയ ഇപ്പോൾ മനസ്സിലാക്കുന്നു ഒരു തുണയില്ലാത്തതിന്റെ വേദന. ഉറങ്ങാൻ പോലും ശ്രേയയ്ക്ക് കഴിയുന്നില്ല. കണ്ണടച്ചാൽ ജീവനേക്കാൾ ഏറെ സ്നേഹിച്ച അനിയത്തിയുടെ മുഖമാണ്.

അനിയത്തി എപ്പോഴും പറയുമായിരുന്നു എന്റെ ചേച്ചിയെ വിട്ട് ഒരിക്കലും പോവില്ല എന്ന്. ശ്രേയ എപ്പോഴും ഓർക്കും. എന്തിനാണ് എന്നെ ഒരിക്കലും ഒറ്റയ്ക്കാക്കില്ല എന്ന് പറഞ്ഞത്. ഇപ്പോൾ ഞാൻ ഒറ്റയ്ക്കായില്ലെ എന്ന്.....

അനിയത്തിയുടെ പഴയ ഓർമ്മകളിലൂടെ അച്ഛന്റെയും അമ്മയുടെയും കൂടെ ശ്രേയ ഇപ്പോഴും ജീവിക്കുന്നു. അവൾ ഇപ്പോഴും ജിവിക്കുന്നു. അവൾ ഇപ്പോഴും വിശ്വസിച്ചിട്ടില്ല അനിയത്തി തന്നെ വിട്ടു പോയി എന്ന്. എന്നാൽ മനസ്സിൽ അനിയത്തിയെ ഒന്ന് കാണാൻ അവൾ ആഗ്രഹിക്കുന്നു.



**മുഹമ്മദ് ഷമ്മാസ്**
**IX C**

# സോഫിയ

പൗരത്വം നേടിയ ആദ്യ യന്ത്രസുന്ദരി..................

പൗരത്വം ഇതുവരെ മനുഷ്യനുമാത്രമായിരുന്നു രാജ്യങ്ങൾ നൽകിയിരുന്നത് . ചരിത്രത്തിലാദ്യമായി ഒരു രാജ്യം റോബോട്ടിനു പൗരത്വം നൽകിയിരിക്കുന്നു. ആർടിഫിഷൽ ഇന്റെലിജന്റ്സ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമ്മിച്ച സോഫിയ എന്ന യന്ത്രമനുഷ്യന് സൗദി അറേബ്യ ആണ് ഔദ്യോഗികമായ പൗരത്വം നൽകി ചരിത്രം സൃഷ്ടിച്ചത് .

ഹോങ്കോങ്ങിലെ ഹാൻസൺ റോബോട്ടിക്സ് നിർമ്മിച്ച ഏറ്റവും പുതിയ ഹ്യൂമനോയ്ഡ് റോബോർട്ട് ആണ് സോഫിയ . 62 ൽ പരം മുഖഭാവങ്ങൾ പ്രകടിപ്പിക്കാനും സംസാരത്തിനനുസരിച്ച് മനുഷ്യസഹജമായ ശരീരചലനങ്ങൾ സ്വീകരിക്കാനും സോഫിയക്ക് കഴിവുണ്ട് . അതിനനുയോജ്യമായ സിലിക്കൺ നിർമ്മിത ചർമ്മമാണ് സോഫിയക്ക് നൽകിയിരിക്കുന്നത്.ക്യാമറക്കണ്ണുകളിലൂടെ

സോഫിയക്ക് ഓരോരുത്തരെയും തിരിച്ചറിയാം. പഴയ കാര്യങ്ങൾ ഓർത്തെടുക്കാനും, പുതിയ കാര്യങ്ങൾ ഓർമ്മയിൽ സൂക്ഷിക്കാനും സാധ്യമാണ്. ഓരോരുത്തരുടെയും ഉച്ചാരണ വ്യത്യാസം തിരിച്ചറിഞ്ഞ് അതിനനുസൃതമായി മറുപടി നൽകാനും മിടുക്കിയാണ് സോഫിയ .

സൗദിയിൽ നടന്ന ഫ്യൂചേര് ഇൻവെസ്റ്റ്മെന്റ് ഇൻഷ്യേറ്റിവ് കോൺ ഫറൻസിൽ വെച്ച് 2017 ഒക്ടോബെർ - 25 ന ആണ് സോഫിയക്ക് പൗരത്വം നൽകിയത് . ഈ അംഗീകാരത്തിൽ ഏറെ അഭിമാനം തോന്നുന്നുവെന്ന് ചടങ്ങിൽ സോഫിയ പ്രീതികരിച്ചു . 2017 ആഗസ്റ്റ് 31 ന ആംസ്റ്റർഡാമിൽ നടന്ന ഇന്റർനാഷണൽ ബ്രോഡ്കാസ്റ്റിംഗ് കൺവെൻഷനിൽ ഒരപൂർവ സംഗമം നടന്നു.

ഹാൻസൺ റോബോർട്ടിക്സ് കമ്പനിയുണ്ടാക്കിയ ഐൻസ്റ്റീൻ റോബോര്ട്ടും സോഫിയയും തമ്മിലുള്ള കൂടിക്കാഴ്ച ആയിരുന്നു അത്. പുറത്തെ തണുപ്പ് താൻ ആസ്വദിക്കുന്നതായും തന്റെ ഉപജ്ഞാതാവിന്റെ കഴിവിനെപ്പറ്റിയും സോഫിയ കാണികളോടു സംസാരിച്ചു .

ഇനിയും തിരിച്ചറിയാൻ പറ്റാത്ത മാനുഷിക വികാരങ്ങൾ ലഭിക്കാത്തതിലുള്ള ദുഃഖം സോഫിയ പ്രകടിപ്പിച്ചു . അത് തനിക്കു ലഭിക്കാനായി അഹോരാത്രം പ്രവർത്തിക്കണമെന്ന് ഹാൻസാനിനോട് അപേക്ഷിച്ചു . തന്റെ സഹോദരനെന്നു പറഞ്ഞാണ് സോഫിയ ഐൻസ്റ്റീൻ റോബോട്ടിനെ പരിചയപ്പെടുത്തിയതു . ബ്രിട്ടീഷ് നടിയും മോഡലും ഡാൻസറുമൊക്കെയായ ഓഡ്രീ ഹെപ്ബെനിന്റെ മുഖച്ഛായയാണ് സോഫിയക്ക് നൽകിയിരിക്കുന്നത് . ചുരുക്കത്തിൽ ഇന്ന് ലോകത്തുള്ള എല്ലാ റോബോട്ടുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു റോബോട്ട് തന്നെയാണ് **സോഫിയ** .

**Vrinda N Vinod**
**9 C**

# മനസ്സിൽ മായാതെ പാത്തുമ്മ

മലയാള സഹിത്യത്തിൽ പകരം വയ്ക്കാനില്ലാത്ത എഴുത്തുകാരനായ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ നോവലാണ് പാത്തുമ്മയുടെ ആട്. ഈ കഥയിൽ നിന്നും ലഭിച്ച അറിവുകളാണ് ഞാൻ ഇവിടെ പങ്കുവയ്ക്കുന്നത്.

ഓരോരുത്തരുടെയും വായനമുറികളിൽ ഏറ്റവും എടുത്തു കാണിക്കപ്പെടുന്നതും ഏറെ ആകർഷകമായതുമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട് എല്ലാവരും ഈ നോവലിനെ ഒരു ഇതിഹാസമായി കാണുന്നു. തലമുറഭേദമില്ലതെ വായനക്കാർ ഈ നോവലിനെ സ്നേഹിക്കുന്നു.

ഈ കൃതി വായക്കുമ്പോൾ നമ്മുക്കൊരു കാര്യം വ്യക്തമാകുന്നു. ബഷീറിന്റെ വീട് വളരെ ചെറുതായിരുന്നു. എന്നാൽ വീട്ടിൽ കൊള്ളാത്ത അത്ര കുടുംബാഗങ്ങളും കൂടാതെ വളർത്തു മൃഗങ്ങളും ഉണ്ടായിരുന്നു. അങ്ങനെയാണ് ബഷീറ് ആടിന്റെ അടുത്തേക്ക് കൃതിയെ ചലിപ്പിക്കുന്നത്. ആദ്യമായി ആടിനെ കാണുമ്പോൾ ഇതാരുടെയാണെന്നറിയില്ലായിരുന്നു.സ്വാതന്ത്ര്യത്തോടെ എല്ലായിടത്തും കയറി നടക്കുകയും തന്റെ പ്രസിദ്ധമായ രണ്ടുകൃതികളുടെ പുതിയ പതിപ്പിന്റെ ഓരോ കോപ്പി കഴിക്കുകയും ചെയ്തപ്പോഴാണ് ആട് തന്റെ പെങ്ങൾ പാത്തുമ്മയുടെതാണെന്ന് മനസിലാക്കുന്നത്.കാര്യമായ വിദ്യാഭ്യസമൊന്നുമില്ലാത്ത സ്ത്രീയായിരുന്ന പത്തുമ്മ.എങ്കിലും കുടുംബത്തിനും വേണ്ടി പാത്തുമ്മ കഠിനാധ്വനം ചെയ്യുന്നുണ്ടായിരുന്നു. ആടിന്റെ മേൽ പാത്തുമ്മയ്ക്ക് പല സ്വപ്നങ്ങളും ഉണ്ടായിരുന്നു. ഈ കഥയിൽ പലപ്പോഴും ആവർത്തിച്ചുവരുന്ന ഒരു വാക്യമുണ്ട് ന്റെ ആട് പെറട്ടെ അപ്പോൾ കാണാം. ഈ വാക്യത്തിലൂടെ

ആടിനു മേലുള്ള പാത്തമ്മയുടെ സ്വപ്നങ്ങൾ തെളിയുന്നുണ്ട്. ആട് പെറ്റ് കഴിഞ്ഞ് ആട്ടിൻ പാൽ വിറ്റുകിട്ടുന്ന പണം കൊണ്ട് വീട് പണി ചെയ്യണം എന്നും പാത്തുമ്മ ആശിച്ചിരുന്നു.എന്നാൽ തന്റെ കുടുംബത്തിനു വേണ്ടി ആട്ടിൻ പാൽ പാത്തുമ്മയ്ക്ക് കൈക്കൂലിയായി കൊടുക്കേണ്ടി വന്നു. പത്തുമ്മയുടെ ഭർത്താവ് ഹസീനയ്ക്കും അബ്ദുൾ ഖാദറിനും കടപ്പെരുന്ന പണത്തിന്റെ പേരിൽ പാത്തുമ്മയെയും കുടുംബത്തിനെയും പ്രതികളാക്കി കേസ് കൊടുക്കുമെന്നും കൂടാതെ ആടിനെ ജപ്തിചെയ്യിക്കും എന്നും പറഞ്ഞപ്പോഴാണ് പാത്തുമ്മയ്ക്ക് ആട്ടിൻ പാൽ കൈക്കൂലിയായി കൊടുക്കേണ്ടി വന്നത്.

തന്റെ സ്വപ്നങ്ങളൊന്നും വേണ്ടാന്ന് വച്ച് ആട്ടിൻ പാൽ കുടുംബത്തിനുവേണ്ടി ഉപയോഗിച്ച് ഒരു നിഷ്കളങ്കമായ സ്ത്രീയായിരുന്നു തന്റെ പെങ്ങൾ എന്നും ബഷീറിന്റെ അനുഭവപ്പെട്ടിരുന്നു അതുകൊണ്ട് തന്നെ ബഷീറിന്റെ മനസിൽമായാതെ കിടക്കുകയായിരുന്നു. പാത്തുമ്മയും പാത്തുമ്മയുടെ ആടും അതിനാലാണ് ഇത്രയും മനോഹരമായ് ഈ കൃതിരചിക്കാൻ ബഷീറിന് കഴിഞ്ഞത്.

വളരെ രസകരവും മനോഹരവുമായ ഭാഷാശൈലയാണ് ഈ കൃതിയിൽ ബഷീർ പ്രയോഗിച്ചിരിക്കുന്നത്. വളരെ ഉത്തമമായ ഒരു തലക്കെട്ടാണ് ബഷീർ ഈ കൃതിക്ക് നൽകിയിരിക്കുന്നത്.ഈ കൃതിയിലെ ഓരോഭാഗവും അതിന്റെ ആശയം വ്യക്തമാക്കുന്ന രചനാരീതി കൊണ്ട് എനിക്ക് ഈ കൃതി വളരെയധികം ആസ്വദിക്കാൻ കഴിഞ്ഞു.



**Shali Francis**
**Teacher**

# വീട്ടുവളപ്പിലെ ഔഷധസസ്യങ്ങൾ

ആരോഗ്യരംഗത്തെ പുരോഗതിയെന്നാൽ അലോപ്പതി ചികിത്സാ ശാസ്ത്രത്തിന്റെ വളർച്ച എന്നാണ് പലരും ധരിച്ചിരിക്കുന്നത്. ഇത് ഏറെക്കുറെ ശരിയാണ് താനും. എന്നാൽ ആധുനിക ശാസ്ത്രത്തിന് വഴങ്ങാത്ത പല രോഗങ്ങൾക്കും പരിഹാരമായി ഔഷധസസ്യങ്ങളെ ആശ്രയിക്കുന്നവരുടെ എണ്ണം ഇന്ന് കൂടി കൊണ്ടിരിക്കുന്നു. നമ്മുടെ ചുറ്റുപാടുകളിലും കണ്ട് വരുന്ന ഔഷധസംസ്യങ്ങളെക്കുറിച്ചും അവയുടെ ചികിത്സാവിധികളെക്കുറിച്ചും അറിവുള്ളവരുടെ എണ്ണം ഇന്ന് കുറഞ്ഞു കൊണ്ടിരിക്കുകയാണ്.

മഞ്ഞപ്പിത്തം, മൂത്രാശയ രോഗങ്ങൾ , മൈഗ്രേൻ , ഗർഭാശയ സംബന്ധമായ രോഗങ്ങൾ , കാൻസർ തുടങ്ങിയവക്കും, അസ്ഥിഭംഗം പോലുള്ള പ്രശ്നങ്ങൾക്കും ഗോത്രവർഗ്ഗ പാരമ്പര്യ വൈദ്യൻമാരുടെ സേവനം ഏറെ ഫലപ്രദമാണെന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു . ദാരിദ്ര്യം മൂലം ഉണ്ടാകുന്ന അനാരോഗ്യത്തേക്കാൾ കൂടുതലാണത്രെ അമിത ഭക്ഷണം കൊണ്ടുണ്ടാവുന്ന ആരോഗ്യ പ്രശ്നങ്ങൾ . തെറ്റായ ഭക്ഷണ ശീലവും മരുന്നുകളുടെ അമിത ഉപയോഗവും ആധുനിക മനുഷ്യർ ഇന്ന് നേരിടുന്ന വലിയ പ്രതിസന്ധകളാണ് . നമ്മുടെ ചികിത്സാ രീതികളെ തന്നെ

കച്ചവടവൽക്കരിക്കപ്പെട്ടിരിക്കയാണെന്ന് പറയാതെ വയ്യ . ഈ അവസരത്തിൽ പാർശ്വഫലങ്ങളൊന്നുമില്ലാത്ത പൂർണ ആരോഗ്യം പ്രദാനംചെയ്യാൻ കഴിവുള്ള ഔഷധസസ്യങ്ങളുടെ ഉപയോഗം നിത്യജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നു . അഷ്ട വൈദ്യന്മാരാൽ അനുഗ്രഹീതമായ കേരളം ലോകത്തിലെ സസ്യ സാന്ദ്രതയേറിയ 12 മേഖലകളിൽ ഒന്ന് എന്ന സ്ഥാനം ഇന്നും വച്ചു പുലർത്തുന്നു . ഇന്ന് ഔഷധ സസ്യങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്ത സഹചര്യമാണുള്ളത് . അതിനെ പറ്റി അറിയാൻ പുതുതലമുറയ്ക്ക് സമയവുമില്ല . ആയുർവേദ ചികിത്സാ രീതിയിൽ ഔഷധസസ്യങ്ങളെയാണ് 80 % ത്തോളം ഉപയോഗിക്കുന്നത് . രോഗ ലക്ഷണം അപ്രത്യക്ഷമായാലും മനുഷ്യ ശരീരത്തിൽ അവശേഷിക്കുന്ന വിഷാംശം
പുറം തള്ളാൻ സസ്യൗഷധങ്ങൾക്ക് കഴിവുണ്ട്.

നിത്യ ജീവിതത്തിൽ നാം അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ഏതാനും ഔഷധസസ്യങ്ങളെ നമ്മുക്ക് ഇവിടെ പരിചയപ്പെടാം :

1. തുളസി - അന്തരീക്ഷവായു ശുദ്ധീകരിക്കാൻ കഴിവുള്ള സസ്യം. ശ്വാസകോശ രോഗങ്ങൾ, ഉദരരോഗം, ത്വക്ക് രോഗം എന്നിവ ശമിപ്പിക്കുന്നതിന് ഉള്ള ഔഷധം.

2. പനിക്കൂർക്ക - കുട്ടികൾക്ക് ഉണ്ടാവുന്ന വയറുവേദന, ചുമ, ജലദോഷം ,കഫക്കെട്ട് എന്നിവക്ക് ഉത്തമ ഔഷധം.

3: ആടലോടകം - ശ്വാസകോശ രോഗസംബന്ധമായ രോഗശമനത്തിന് ഉത്തമ ഔഷധമായി വേദകാലം മുതൽ ഉപയോഗിച്ചു വരുന്നു. ആടലോടകത്തിന്റെ ഇല ഇടിച്ച് പിഴിഞ്ഞ നീര് സേവിച്ചാൽ രോഗം ശമിക്കും.

4: കറിവേപ്പ്- ആഹാരത്തിന് രുചി പകരുന്നതിനോടൊപ്പം പോഷക സംബന്ധമായ ഇല കൂടിയാണ് ഇത്. കറിവേപ്പിന്റെ വിവിധ സസ്യ ഭാഗങ്ങൾ പല രോഗങ്ങൾക്കും ഗുണപ്രദമാണ്.ഇലയും വേരും മികച്ച ഔഷധമാണ് കറിവേപ്പില മോരിൽ അരച്ച് കഴിക്കുന്നത് വിരശല്യത്തിന് പരിഹാരമാണ്. ഇല അരച്ച് കഴിക്കുന്നത് കൊളസ്ട്രോൾ കുറക്കാൻ നല്ലതാണ്.

വളരെക്കുറച്ച് ഔഷധ സസ്യങ്ങളെ മാത്രമാണിവിടെ പരാമർശിച്ചിട്ടുള്ളത്. ഇനിയും നൂറുകണക്കിന് മരുന്ന് സസ്യങ്ങൾ നമുക്കു ചുറ്റിലും ഉണ്ട്. അവയെക്കുറിച്ചന്വേഷിക്കാനും വിവരങ്ങൾ ശേഖരിക്കാനും സമയം കണ്ടെത്തേണ്ടതുണ്ട്.

അടുത്തകാലത്തായി 'വീട്ടുവളപ്പിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന കാര്യത്തിൽ പുത്തനുണർവ് ഉണ്ടായിട്ടുണ്ട്. 'ഒറ്റമൂലികളും ഗൃഹൗഷധികളും വാടാതെയും കേടാകാതെയും വിശ്വാസ യോഗ്യമായി ഉപയോഗിക്കാമെന്നത് ഏറെ പ്രാധാന്യ മർഹിക്കുന്നു. ഇന്നത്തെ തലമുറയ്ക്ക് ഔഷധ സസ്യങ്ങളെ സംബന്ധിച്ച സാമാന്യവിജ്ഞാനത്തോടൊപ്പം കൃഷിരീതികളെക്കുറിച്ചുള്ള പ്രായോഗിക നിർദേശം കൂടി ലഭ്യമാക്കാൻ കഴിഞ്ഞാൽ വീട്ടാവശ്യത്തിനുള്ള ഔഷധ പ്രയോഗം നമുക്കുറപ്പു വരുത്താം. അങ്ങനെ ഭാവി തലമുറെയെ കച്ചവട മനഃസ്ഥിതിയുള്ള മരുന്നു കമ്പനികളുടെ പിടിയിൽ നിന്നും രക്ഷിക്കാം, ഒരു പുത്തനുണർവ് പകരാം ""



Muhammed Yaseen sha .P.P
*IX-A*

# സിംപിൾ പ്രൊജക്റ്റർ

**ആവശ്യമുള്ളത്** : ഒരുചെറിയ കാർഡ്ബോർഡ് പെട്ടി ,

ഫിലമെൻറ് ബൾബ്, വെള്ളം , മൊബൈൽ ഫോൺ

**ചെയ്യുന്ന വിധം** : ബൾബിന്റെ പുറകിലെക്യാപ് പൊട്ടിച്ച്

അതിൻെ ***സിംപിൾ പ്രൊജക്റ്റർ*** ഫിലമെന്റെ

കളഞ്ഞ് വെള്ളം നിറച്ചാൽ അതൊരു കോൺവെക്സ് ലെൻസായി

. പെട്ടിയുടെ ഒരു വശത്ത് ബൾബിനു ഇരിക്കാൻ പാകത്തിൽ

ദ്വാരമിടുക . പെട്ടിയുടെ മുഗൾഭാഗത്ത് മൊബൈൽ

കിടത്തിവെക്കാൻ പാകത്തിൽ ഒരു ചെറിയ ഭാഗം വെട്ടികളയുക .

ഇനി മൊബൈലിൽ നിന്ന് ഒരു വീഡിയോ പ്ലേ ചെയ്യുക . ദൃശ്യം

തലകീഴായി വരും വിധം മൊബൈൽ പെട്ടിയുടെ ഉള്ളിൽ കയറ്റി

വെക്കുക.സൂക്ഷ്മതയോടെ പെട്ടി ചുമരിനടുത്തേക്ക് കൊണ്ട് വന്ന്

ഭിത്തിയും പെട്ടിയും തമ്മിലുള്ള ദൂരം ക്രമീകരിക്കുക.
ഭിത്തിക്കടുത്തേക്കായി ബൾബ് മുന്നിലായിരിക്കണം

ശാസ്ത്രതത്വം : ഇവിടെ വെള്ളം നിറച്ച ബൾബ് ഒരു കോൺവെക്സ് ലെൻസായി പ്രവർത്തിച്ച് അതിന്റെ മുന്നിലുള്ള വസ്തുവിന്റെ തലകീഴായി വരുന്ന വിധം മൊബൈൽ വച്ചതിനാൽ ഭിത്തിയിൽ നമുക്ക് നിവർന്ന ദൃശ്യം ലഭിക്കുന്നു.

“ഈ സയൻസ് ആക്ടിവിറ്റി നിങ്ങൾ പരീക്ഷിച്ചുനോക്കൂ"

# എഡിറ്റോറിയൽ ബോർഡ്



**അനശ്വര ശശിധരൻ**
**(9-A)**




**അമൃത**
**(9-A)**



**അഞ്ജന സി മനോജ്**
**(9-C)**

# വര



**എഡ്വേഡ് അനീഷ്**
**(8-D)**

# ലിറ്റിൽ കൈറ്റ്സ് ടീം........




RAINBOW
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
Relationship
Between Human
and Nature